**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1329

20.03.12ൽ മറുപടിയ്ക്ക്

**ഒട്ടുംപുറം ടൂറിസം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) താനൂർ നിയോജകമണ്ഡലത്തിലെ ഒട്ടുംപുറം ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br>(ബി) പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദാംശങ്ങൾ നല്കുമോ; | (എ) യും (ബി) യും<br>ഒട്ടുംപുറം ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടങ്ങിയപ്പോഴേയ്ക്കും തീരം കടലെടുത്തു പോയി. ഉയർന്ന തിരമാലകളിൽ കടൽ വെള്ളം കടൽ ഭിത്തിയുടെ അടിഭാഗം വരെ വരുന്നതിനാൽ ഒട്ടുമ്പ്രം ബീച്ചിന്റെ നവീകരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത് |
| (സി) ഒട്ടുംപുറത്ത് നിന്ന് കൂട്ടായിയിലേക്ക് കനോലികനാലിന്റെ ഭിത്തി സംരക്ഷിച്ച് ആഴംകൂട്ടി വിനോദ ബോട്ട് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (സി) പരിഗണിക്കുന്നതാണ് |
| (ഡി) ജില്ലയുടെ തീരദേശത്ത് ബൃഹത്തായ ഒരു ടൂറിസം പദ്ധതിയായി ഇതിനെ മാറ്റിയെടുക്കാനാകും എന്ന് കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) നിലവിലുള്ള പ്രതികൂല സാഹചര്യം കണക്കിലെടുക്കുമ്പോൾ ബൃഹത്തായ ഒരു ടൂറിസം പദ്ധതിയായി ഇതിനെ മാറ്റിയെടുക്കാനാകുമോ എന്ന് പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ